**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 331** **01-07-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം സുഗമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ട്രയൽ റണ്ണിനൊരുങ്ങുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ അംഗീകാരങ്ങളും അനുമതിയും നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 7a പ്രകാരമുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട് :<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ കസ്റ്റംസ് തുറമുഖമായി അംഗീകരിച്ചുകൊണ്ടുള്ള ഡിക്ലറേഷൻ 15/06/2024 ന് ലഭ്യമായിട്ടുണ്ട്.<br><br>കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 8 പ്രകാരമുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട് :<br><br>സെക്ഷൻ 9 പ്രകാരം ലാന്റിങ് ഏരിയയുടെയും കസ്റ്റംസ് ഏരിയയുടെയും പരിധി വ്യക്തമാക്കുന്ന വിജ്ഞാപനത്തിൻമേലുള്ള അംഗീകാരം 24/06/2024 ന് ലഭ്യമായിട്ടുണ്ട്.<br><br>കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 45 മേൽ തത്വത്തിൽ അംഗീകാരം ലഭിച്ചു :<br><br>കസ്റ്റംസ് ഏരിയ റഗുലേഷൻ 2009 ലെ ചട്ടം 5 പ്രകാരം കാർഗോ കൈകാര്യം ചെയ്യുന്നതിനുള്ള അംഗീകാരം 24/06/2024 ന് ലഭിച്ചിട്ടുണ്ട്.<br><br>വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ടിനായുള്ള ലൊക്കേഷൻ കോഡ് (IN NYY1)<br><br>21/06/2024 ന് ലഭ്യമായിട്ടുണ്ട് |
| (ബി) | ഇനി ഏതെല്ലാം അനുമതിയും അംഗീകാരങ്ങളുമാണ് ലഭ്യമാകാനുള്ളതെന്ന് അറിയിക്കുമോ; | (ബി) | • EDI (Electronic Data Interchange) അംഗീകാരം ലഭ്യമാകാനുണ്ട്.<br>• കസ്റ്റോഡിയൻ കോഡിനുള്ള അംഗീകാരം ലഭ്യമാകാനുണ്ട്.<br>• ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് (ICP) ക്ലിയറൻസ് ലഭിക്കാനുണ്ട്. |

| | | | |
|---|---|---|---|
| | | | • വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ടിനായുള്ള NSPC യുടെ ഇടക്കാല ക്ലിയറൻസ് 28/03/2024 ന് ലഭ്യമായിട്ടുണ്ട്, ആയതിന് 07/10/2024 വരെ കാലാവധിയുണ്ട്. പൂർണ്ണ അംഗീകാരത്തിനുള്ള ആഡിറ്റ്/ഇൻസ്പെക്ഷൻ ജൂൺ 2024 ൽ നടന്നു, അംഗീകാരം പ്രതീക്ഷിക്കുന്നു.<br>• International Code for the Security of Ships and of Port Facilities (ISPS Code) പ്രകാരം നിബന്ധനകൾ പാലിക്കുന്നതിനുമേലുള്ള ഇടക്കാല അംഗീകാരം 02/04/2024 ന് ലഭ്യമായിട്ടുണ്ട്. |
| (സി) | അനുമതികൾ സമയബന്ധിതമായി നേടിയെടുക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (സി) | കസ്റ്റംസ് പ്രിവന്റീവ് ഡിപ്പാർട്ട്മെന്റിന്റെയും സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സ് ആന്റ് കസ്റ്റംസ് (CBIC) ബോർഡിന്റെയും വ്യവസ്ഥകൾ/ ആവശ്യങ്ങൾ പാലിച്ചതിന്റെ അടിസ്ഥാനത്തിലാണ് മേൽ സൂചിപ്പിച്ച വിവിധ കസ്റ്റംസ് അനുമതികൾ തുറമുഖത്തിന് ലഭിച്ചത്.<br><br>ചുവടെപ്പറയുന്ന തുറമുഖ ഘടകങ്ങളുടെ പൂർത്തീകരണത്തിന് നടത്തിയ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനു ശേഷമാണ് മറ്റ് അനുമതികൾ ലഭിച്ചത്.<br><br>ബ്രേക്ക് വാട്ടർ : 2960 മീറ്റർ ബ്രേക്ക് വാട്ടറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു<br><br>കണ്ടെയ്നർ ബർത്ത് : 800 മീറ്റർ കണ്ടെയ്നർ ബർത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിൽ 400 മീറ്റർ പ്രവർത്തനസജ്ജമാണ്.<br><br>തുറമുഖത്തെ NH66 മായി ബന്ധിപ്പിക്കുന്ന എൻ.എച്ച് റോഡ് കണക്ടിവിറ്റി : ആകെ 1700 മീറ്റർ നീളമുള്ള നാലുവരി പാതയുടെ ആദ്യത്തെ 600 മീറ്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. റോഡിന്റെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു<br><br>തുറമുഖത്തേയ്ക്കുള്ള യന്ത്രസാമഗ്രികൾ (കാർഗോ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയിനുകൾ) : ആകെ 31 ക്രെയിനുകൾ വിഴിഞ്ഞം തുറമുഖത്ത് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 23 CRMG ക്രെയിനുകളും 8 RMQ ക്രെയിനുകളുമാണ് ഉൾപ്പെടുന്നത്. ഇവയുടെ കമ്മീഷനിംഗിനുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | <u>തുറമുഖത്തേയ്ക്കുള്ള യന്ത്രസാമഗ്രികൾ (ക്രെയിനുകൾ അല്ലാത്തവ) :</u><br><br>1. ടഗ്ഗുകൾ: 70 ton BP- 3എണ്ണം, 55 ton BP -1 എണ്ണം : എല്ലാം തുറമുഖത്ത് ലഭ്യമായിട്ടുണ്ട്.<br>2. പൈലറ്റ് കം സർവ്വേ വെസ്സൽ : പൈലറ്റ് കം പെട്രോൾ വെസ്സൽ 1 എണ്ണം വിഴിഞ്ഞത്ത് ലഭ്യമായിട്ടുണ്ട്.<br>3. മൂറിങ് ലോഞ്ചസ് : 2 എണ്ണത്തിനായുള്ള ഓർഡർ നൽകിയിട്ടുണ്ട്. 2024 സെപ്റ്റംബറിൽ ലഭ്യമാകും.<br>4. നാവിഗേഷൻ സഹായികൾ : എല്ലാം സ്ഥാപിച്ചിട്ടുണ്ട്.<br><br>• പോർട്ട് ഓപ്പറേഷൻ ബിൽഡിംഗ് (POB), 220 KV GIS സബ് സ്റ്റേഷൻ, ഗേറ്റ് കോംപ്ലക്സ്, 33 KV/11 KV പോർട്ട് സബ് സ്റ്റേഷൻ, സെക്യൂരിറ്റി ബിൽഡിംഗ്, വർക്ക്ഷോപ്പ് ബിൽഡിംഗ് നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. പോർട്ട് യൂസർ ബിൽഡിംഗ് (PUB) ന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.<br>• ചുറ്റുമതിൽ : താത്കാലിക ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br>• കണ്ടെയ്നർ ബാക്അപ് യാർഡ് : 63 ഹെക്ടർ റിക്ലമേഷൻ പൂർത്തീകരിച്ചു. 12.69 ഹെക്ടർ പേവർ ബ്ലോക്ക് സ്ഥാപിക്കൽ പൂർത്തിയായി.<br>• കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റി : കണ്ടെയ്നർ സ്കാനറുകൾ വാങ്ങുന്നതിലേക്കായുള്ള അറ്റോമിക് എനർജി റെഗുലേഷൻ ബോർഡ് (AERB) യുടെ അംഗീകാരം 30.05.2024 ന് ലഭ്യമായിട്ടുണ്ട്. കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2024 ആഗസ്റ്റോടെ കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റി പ്രവർത്തന സജ്ജമാകുന്നതാണ്. |
| (ഡി) | കസ്റ്റംസ് പോർട്ട് എന്ന അംഗീകാരം ലഭിച്ചതിലൂടെ ഏതെല്ലാം പ്രവർത്തനങ്ങളാണ് വിഴിഞ്ഞം തുറമുഖത്ത് നടത്താൻ സാധിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 7a പ്രകാരമുള്ള അംഗീകാരം:<br><br>വിഴിഞ്ഞം തുറമുഖത്തെ കയറ്റിറക്കുമതി ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള കസ്റ്റംസ് പോർട്ടായി അംഗീകരിച്ചിട്ടുണ്ട്. ഈ അംഗീകാരത്തിൻമേൽ വിഴിഞ്ഞം തുറമുഖത്തിന് കാർഗോ കൈകാര്യം ചെയ്യുവാനായി സാധിക്കും. വിവിധതരം കാർഗോ കണ്ടെയ്നറുകളിൽ നിറച്ച് കൈകാര്യം ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | തരത്തിലാണ് വിഴിഞ്ഞം തുറമുഖം വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ